**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 939** **09-10-2024 - ൽ മറുപടിയ്ക്ക്**

**വന്യജീവി ആക്രമണങ്ങൾക്ക് ഇരയായവർക്ക് നഷ്ടപരിഹാരം**

<table>
<tr><th colspan="2">ചോദ്യം</th><th colspan="2">ഉത്തരം</th></tr>
<tr><td colspan="2">ശ്രീ. ടി. സിദ്ദിഖ്</td><td colspan="2">ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി)</td></tr>
<tr><td>(എ)</td><td>വന്യജീവി ആക്രമണങ്ങളിൽ പരിക്കേറ്റവർക്കും മരണപ്പെട്ടവരുടെ കുടുംബങ്ങൾക്കും നഷ്ടപരിഹാരം നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ വ്യക്തമാക്കുമോ;</td><td>(എ)</td><td>1980-ലെ കേരള റൂൾസ് ഫോർ പേയ്മെന്റ് ഓഫ് കോമ്പൻസേഷൻ ടു വിക്ടിംസ് ഓഫ് അറ്റാക്ക് ബൈ വൈൽഡ് ആനിമൽസ് പ്രകാരവും 05-04-2018-ലെ സർക്കാർ ഉത്തരവ് (കൈ) നമ്പർ 17/2018/വനം, 25-10-2022-ലെ സർക്കാർ ഉത്തരവ് (കൈ) നമ്പർ 50/2022/ വനം, 20-01-2024-ലെ സർക്കാർ ഉത്തരവ് (കൈ) നമ്പർ 03/2024/വനം എന്നീ ഉത്തരവുകളിലെ വ്യവസ്ഥകൾ പ്രകാരവുമാണ് മനുഷ്യ-വന്യജീവി സംഘർഷത്തിൽ പരിക്കേറ്റവർക്കും മരണമടയുന്ന-വർക്കും നിലവിൽ നഷ്ടപരിഹാരം നൽകുന്നത്. പ്രസ്തുത ഉത്തരവുകളുടെ പകർപ്പുകൾ അനുബന്ധമായി ചേർക്കുന്നു.</td></tr>
<tr><td>(ബി)</td><td>മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ വന്യജീവി ആക്രമണങ്ങൾക്ക് ഇരയായവരിൽ എത്രപേർക്ക് നഷ്ടപരിഹാരം നൽകിയിട്ടുണ്ടെന്നും എത്രപേർക്ക് നഷ്ടപരിഹാരം ലഭിക്കാനുണ്ടെന്നും നഷ്ടപരിഹാരം ലഭിക്കാൻ കാലതാമസം നേരിടുന്നതിന് കാരണമെന്താണെന്നും വിശദമാക്കാമോ?</td><td>(ബി)</td><td>2016-17 മുതൽ നാളിതുവരെ സംസ്ഥാനത്ത് മനുഷ്യ-വന്യമൃഗ സംഘർഷത്തിൽ നഷ്ടപരിഹാരം ലഭിച്ചിട്ടുള്ളവരുടെയും നഷ്ടപരിഹാരം ലഭിക്കാനുള്ളവരുടെയും എണ്ണം ചുവടെ ചേർക്കുന്നു.<br><table><tr><td>നഷ്ടപരിഹാരം ലഭിച്ചിട്ടുള്ളവരുടെ എണ്ണം</td><td>63710</td></tr><tr><td>നഷ്ടപരിഹാരം ലഭിക്കാനുള്ളവരുടെ എണ്ണം</td><td>3611</td></tr></table><br>മനുഷ്യ-വന്യമൃഗ സംഘർഷത്തിന് ഇരയാകുന്നവരിൽ നിന്നും ലഭിക്കുന്ന മിക്കവാറും അപേക്ഷകളിലും യഥാസമയം നഷ്ടപരിഹാരം നൽകാറുണ്ട്. അപേക്ഷയോടൊപ്പം നിയമപ്രകാരമുള്ള രേഖകൾ സമർപ്പിക്കാതിരിക്കുക, ഒറിജിനൽ ബില്ലുകളുടെ അപര്യാപ്തത, ഫണ്ടിന്റെ അപര്യാപ്തത എന്നിവ കാരണം ചില അപേക്ഷകളിൽ നഷ്ടപരിഹാരം നല്കാൻ ചെറിയ തോതിലുള്ള കാലതാമസം നേരിടാറുണ്ട്.</td></tr>
</table>

സെക്ഷൻ ഓഫീസർ

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

വനം വന്യജീവി വകുപ്പ് - "1980ലെ കേരളാ റൂൾസ് ഫോർ പേയ്മെന്റ് ഓഫ് കോമ്പൻസേഷൻ ടു വിക്ടിംസ് ഓഫ് അറ്റാക്ക് ബൈ വൈൽഡ് ആനിമൽസ്" എന്ന ചട്ടങ്ങളിലെ ചട്ടം 2(എ), 3(എ)(1), 3(എ)(2), 3(എ)(3), 3(എ)(4), 4(ഡി), 5(എ) എന്നിവയിലെ വ്യവസ്ഥകളിൽ ഭേദഗതി വരുത്തിയും നഷ്ടപരിഹാരതുക വർദ്ധിപ്പിച്ചും ഉത്തരവ് പുറപ്പെടുവിക്കുന്നു.

**വനം വന്യജീവി (ഡി) വകുപ്പ്**

**സ.ഉ.(കൈ) നം./17/2018/വനം** തീയതി,തിരുവനന്തപുരം, 05/04/2018

പരാമർശം:- 1) 22/03/2013-ലെ സ.ഉ(എം.എസ്) നം. 32/2013/വനം.

2) 17/11/2014-ലെ സ.ഉ(എംഎസ്) നം.96/2014/വനം.

3) പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വൈൽഡ് ലൈഫ്) & ചീഫ് വൈൽഡ് ലൈഫ് വാർഡന്റെ 27/09/2017-ലെ ഡബ്ള്യ.എൽ 1- 2081/2011 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കേരള നിയമസഭയുടെ വിഷയനിർണ്ണയസമിതി X-ന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത്തെ റിപ്പോർട്ടിലെ പത്താമത് ശുപാർശ പ്രകാരം വന്യജീവി ആക്രമണം മൂലം ജീവഹാനി സംഭവിച്ച വ്യക്തികളുടെ നിയമപരമായ അവകാശികൾക്ക് നൽകി വരുന്ന നിലവിലുള്ള നഷ്ടപരിഹാര തുക 5 ലക്ഷത്തിൽനിന്നും 10 ലക്ഷമായി വർദ്ധിപ്പിച്ച നല്കുവാൻ നിർദ്ദേശിക്കുകയുണ്ടായി. തുടർന്ന്, വന്യജീവി ആക്രമണം മൂലമുള്ള ജീവഹാനിയ്ക്കും പരിക്കിനും കൃഷിനാശത്തിനും നൽകുന്ന നഷ്ടപരിഹാര തുക വർദ്ധിപ്പിക്കുന്നതിലേക്കായി "1980ലെ കേരളാ റൂൾസ് ഫോർ പേയ്മെന്റ് ഓഫ് കോമ്പൻസേഷൻ ടു വിക്ടിംസ് ഓഫ് അറ്റാക്ക് ബൈ വൈൽഡ് ആനിമൽസ്" എന്ന ചട്ടങ്ങളിലെ ചട്ടം 3(എ)(1), 3(എ)(2), 3(എ)(3), 3(എ)(4), 4(ഡി), 5(എ) എന്നിവയിലെ വ്യവസ്ഥകളിൽ ഭേദഗതി വരുത്തി നഷ്ടപരിഹാരതുക കാലോചിതമായി വർദ്ധിപ്പിക്കണമെന്ന ശുപാർശ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വൈൽഡ് ലൈഫ്) & ചീഫ് വൈൽഡ് ലൈഫ് വാർഡൻ പരാമർശം (3) പ്രകാരം സർക്കാരിൽ ലഭ്യമാക്കുകയുണ്ടായി. പരാമർശം (1) സർക്കാർ ഉത്തരവ് പ്രകാരം വന്യജീവി ആക്രമണത്തിൽ പരിക്കേൽക്കുന്നവർക്കും കന്നുകാലികൾക്കും മറ്റു വസ്തുവകകൾക്കും കൃഷിയ്ക്കും ഉണ്ടാകുന്ന നാശനഷ്ടങ്ങൾക്ക് പരമാവധി 75000 രൂപയാണ് നൽകിയിരുന്നത്. പരാമർശം (2)-ലെ സർക്കാർ ഉത്തരവ് പ്രകാരം വന്യജീവി ആക്രമണം മൂലം ജീവഹാനി സംഭവിക്കുന്ന വ്യക്തികളുടെ നിയമപരമായ അവകാശികൾക്ക് 5ലക്ഷം രൂപയും വനത്തിനു പുറത്തുവെച്ച് പാമ്പുകടിയേറ്റ് മരണപ്പെടുന്നവരുടെ ആശ്രിതർക്ക് ഒരു ലക്ഷം രൂപയുമാണ് നഷ്ടപരിഹാരമായി നൽകിയിരുന്നത്.

സബ്ജക്ട് കമ്മിറ്റിയുടെ ശുപാർശയ്ക്കനുസൃതമായി മുഖ്യവനപാലകൻ സമർപ്പിച്ച ശുപാർശ സർക്കാർ വിശദമായി പരിശോധിച്ചു. വന്യജീവി ആക്രമണം മൂലമുള്ള ജീവഹാനിയ്ക്കും പരിക്കിനും കൃഷിനാശത്തിനും നൽകുന്ന നഷ്ടപരിഹാര തുക വർദ്ധിപ്പിക്കുന്നതിനായി "1980ലെ കേരളാ റൂൾസ് ഫോർ പേയ്മെന്റ് ഓഫ് കോമ്പൻസേഷൻ ടു വിക്ടിംസ് ഓഫ് അറ്റാക്ക് ബൈ വൈൽഡ് ആനിമൽസ്" ചട്ടങ്ങളിൽ ചുവടെ ചേർത്തിരിക്കുന്ന ഭേദഗതികൾ വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

| നിലവിലുള്ള വ്യവസ്ഥകൾ | ഭേദഗതി |
|---|---|
| | |

| | |
|---|---|
| | |
| ചട്ടം 3(എ)(1)<br>മനുഷ്യ ജീവഹാനി:<br>വന്യജീവി ആക്രമണം മൂലം ജീവഹാനി സംഭവിക്കുന്ന വ്യക്തികളുടെ നിയമപരമായ അവകാശികൾക്ക് 5ലക്ഷം രൂപ നൽകാവുന്നതാണ്. വനത്തിനു പുറത്തു വച്ച് പാമ്പുകടിയേറ്റ് ജീവഹാനി സംഭവിച്ചാൽ നഷ്ടപരിഹാരം ഒരു ലക്ഷം രൂപയായി നിജപ്പെടുത്തിയിരിക്കുന്നു. | ചട്ടം 3(എ) (1)<br>മനുഷ്യ ജീവഹാനി :<br>വന്യജീവി ആക്രമണം മൂലം ജീവഹാനി സംഭവിക്കുന്ന വ്യക്തികളുടെ നിയമപരമായ അവകാശികൾക്ക് 10ലക്ഷം രൂപ നൽകാവുന്നതാണ്. വനത്തിനു പുറത്തുവച്ച് പാമ്പുകടിയേറ്റ് ജീവഹാനി സംഭവിച്ചാൽ നഷ്ടപരിഹാരം രണ്ട് ലക്ഷം രൂപയായി നിജപ്പെടുത്തിയിരിക്കുന്നു. |
| ചട്ടം 3(എ)(2)<br>സ്ഥായിയായ അംഗവൈകല്യം- വന്യമൃഗങ്ങളുടെ ആക്രമണം മൂലം സ്ഥായിയായ അംഗവൈകല്യം ഉണ്ടാകുന്നവർക്ക് 75,000/- (എഴുപത്തി അയ്യായിരം) രൂപ വരെ നൽകാം. | ചട്ടം 3(എ)(2)<br>സ്ഥായിയായ അംഗവൈകല്യം- വന്യമൃഗങ്ങളുടെ ആക്രമണം മൂലം സ്ഥായിയായ അംഗവൈകല്യം ഉണ്ടാകുന്നവർക്ക് 200,000/- (രണ്ട് ലക്ഷം) രൂപ വരെ നൽകാം. |
| ചട്ടം 3(എ)(3)<br>കന്നുകാലി നഷ്ടം; കൃഷി, വീടുകൾ/കുടിലുകൾ എന്നിവയ്ക്കുണ്ടാകുന്ന നാശനഷ്ടങ്ങൾ മുതലായവ- വീടുകൾ/കുടിലുകൾ, കൃഷി, കന്നുകാലികൾ എന്നിവയ്ക്ക് വന്യജീവി ആക്രമണം മൂലമുണ്ടാകുന്ന നാശനഷ്ടങ്ങൾക്ക്, കണക്കാക്കപ്പെടുന്ന തുകയുടെ 100% (നൂറ് ശതമാനം) , പരമാവധി 75,000/- (എഴുപത്തി അയ്യായിരം) രൂപ എന്ന നിരക്കിൽ ഓരോ നാശനഷ്ടത്തിനും നൽകാവുന്നതാണ്. | ചട്ടം 3(എ)(3)<br>കന്നുകാലി നഷ്ടം; കൃഷി, വീടുകൾ/കുടിലുകൾ എന്നിവയ്ക്കുണ്ടാകുന്ന നാശനഷ്ടങ്ങൾ മുതലായവ- വീടുകൾ / കുടിലുകൾ, കൃഷി, കന്നുകാലികൾ എന്നിവയ്ക്ക് വന്യജീവി ആക്രമണം മൂലമുണ്ടാകുന്ന നാശനഷ്ടങ്ങൾക്ക്, കണക്കാക്കപ്പെടുന്ന തുകയുടെ 100% (നൂറ് ശതമാനം), പരമാവധി 100,000/- (ഒരു ലക്ഷം) രൂപ എന്ന നിരക്കിൽ ഓരോ നാശനഷ്ടത്തിനും നൽകാവുന്നതാണ്. |

| | |
|---|---|
| | |
| ചട്ടം 3(എ)(4)<br>വ്യക്തികൾക്കുണ്ടാകുന്ന പരിക്ക്-<br>വന്യമൃഗങ്ങളുടെ ആക്രമണം മൂലം പരിക്ക് പറ്റുന്ന വ്യക്തികൾക്ക് ചികിത്സക്ക് ചെലവാകുന്ന തുക പരമാവധി 75,000/- (എഴുപത്തി അയ്യായിരം) രൂപ എന്ന നിരക്കിൽ നൽകാവുന്നതാണ്. പട്ടിക വർഗ്ഗക്കാരുടെ കാര്യത്തിൽ ചികിത്സാർത്ഥം ചെലവാകുന്ന മുഴുവൻ തുകയും നൽകാവുന്നതാണ്. ചികിത്സാ ചെലവ് അനുവദിക്കുന്നത് അപേക്ഷകന് ചികിത്സാർത്ഥം ചെലവായ തുക സംബന്ധിച്ച് കേരള സർക്കാർ സർവ്വീസിലെ സിവിൽ സർജൻ റാങ്കിൽ കുറയാത്ത മെഡിക്കൽ ഓഫീസർ നൽകുന്ന സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിലായിരിക്കും. | ചട്ടം 3(എ)(4)<br>വ്യക്തികൾക്കുണ്ടാകുന്ന പരിക്ക്-<br>വന്യമൃഗങ്ങളുടെ ആക്രമണം മൂലം പരിക്ക് പറ്റുന്ന വ്യക്തികൾക്ക് ചികിത്സക്ക് ചെലവാകുന്ന തുക പരമാവധി 100,000/- (ഒരുലക്ഷം) രൂപ എന്ന നിരക്കിൽ നൽകാവുന്നതാണ്. പട്ടിക വർഗ്ഗക്കാരുടെ കാര്യത്തിൽ ചികിത്സാർത്ഥം ചെലവാകുന്ന മുഴുവൻ തുകയും നൽകാവുന്നതാണ്. ചികിത്സാ ചെലവ് അനുവദിക്കുന്നത് അപേക്ഷകന് ചികിത്സാർത്ഥം ചെലവായ തുക സംബന്ധിച്ച് കേരള സർക്കാർ സർവ്വീസിലെ സിവിൽ സർജൻ റാങ്കിൽ കുറയാത്ത മെഡിക്കൽ ഓഫീസർ നൽകുന്ന സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിലായിരിക്കും. |
| ചട്ടം 4(ഡി)<br>നഷ്ടപരിഹാരം നൽകൽ:<br>മനുഷ്യ ജീവഹാനിയുണ്ടായാൽ റേഞ്ച് ഓഫീസറുടെ ശുപാർശ ലഭിച്ചാൽ 15 ദിവസത്തിനകം ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ/ഗെയിം വാർഡൻ/ വൈൽഡ് ലൈഫ് പ്രൊട്ടക്ഷൻ ഓഫീസർ തുടരന്വേഷണം നടത്തുകയും ആവശ്യമായ ഉത്തരവ് 15 ദിവസത്തിനകം പുറപ്പെടുവി-ക്കുകയും ചെയ്യേണ്ടതാണ്. ആയതിന് അന്വേഷണ ഉദ്യോഗസ്ഥൻ ചട്ടം5 പരിഗണിക്കേണ്ടതാണ്. | ചട്ടം 4(ഡി)<br>നഷ്ടപരിഹാരം നൽകൽ:<br>മനുഷ്യ ജീവഹാനിയുണ്ടായാൽ റേഞ്ച് ഓഫീസറുടെ ശുപാർശ ലഭിച്ചാൽ 1 5 ദിവസത്തിനകം ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ/ഗെയിം വാർഡൻ/ വൈൽഡ് ലൈഫ് പ്രൊട്ടക്ഷൻ ഓഫീസർ തുടരന്വേഷണം നടത്തുകയും ആവശ്യമായ ഉത്തരവ് 1 5 ദിവസത്തിനകം പുറപ്പെടുവിക്കേണ്ടതുമാണ്. ആയതിന് അന്വേഷണ ഉദ്യോഗസ്ഥൻ ചട്ടം 5 പരിഗണിക്കേണ്ടതാണ്. റേഞ്ച് ഓഫീസറുടെ ശുപാർശ ലഭിച്ച ശേഷം ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ/ഗെയിം വാർഡൻ/ വൈൽഡ് ലൈഫ് പ്രൊട്ടക്ഷൻ ഓഫീസർ ബന്ധപ്പെട്ട വില്ലേജ് ഓഫീസറുടെ പക്കൽ നിന്നും ബന്ധുത്വം സംബന്ധിച്ച സർട്ടിഫിക്കറ്റ് ലഭ്യമാകുന്നമുറയ്ക്ക് നഷ്ടപരിഹാരത്തിന്റെ ആകെ തുകയുടെ 5 0 % മരണപ്പെട്ടയാളുടെ |

| | |
|---|---|
| | നിയമപരമായ അവകാശികൾക്ക് നൽകേണ്ടതാണ്. ബാക്കി തുക അനന്തരാവകാശ സർട്ടിഫിക്കറ്റ് ഹാജരാക്കുന്ന തീയതി മുതൽ 7 ദിവസത്തിനകം നൽകേണ്ടതാണ്. |
| ചട്ടം 5 (എ)<br><u>നഷ്ടപരിഹാരത്തിന് അർഹതയില്ലാത്ത വ്യക്തികൾ:</u><br>വന്യജീവി ആക്രമണത്തിൽ ജീവഹാനി സംഭവിക്കുന്ന വ്യക്തി വന്യ ജീവി (സംരക്ഷണം) നിയമം, 1972, കേരള വനം നിയമം എന്നിവ പ്രകാരമുള്ള കുറ്റ കൃത്യങ്ങളിൽ ശിക്ഷിക്കപ്പെടുകയോ ഉൾപ്പെടുകയോ ചെയ്തിട്ടുണ്ടെങ്കിൽ നഷ്ട പരിഹാരത്തിന് അർഹതയില്ല. | ചട്ടം 5 (എ)<br><u>നഷ്ടപരിഹാരത്തിന് അർഹതയില്ലാത്ത വ്യക്തികൾ:</u><br>വന്യജീവി ആക്രമണത്തിൽ ജീവഹാനി സംഭവിക്കുന്ന വ്യക്തി വന്യ ജീവി (സംരക്ഷണം) നിയമം 1972, കേരള വനം നിയമം എന്നിവ പ്രകാരമുള്ള കുറ്റകൃത്യങ്ങളിൽ ശിക്ഷിക്കപ്പെടുകയോ ഉൾപ്പെടുകയോ ചെയ്താൽ നഷ്ട പരിഹാരത്തിന് അർഹതയില്ല. എന്നിരുന്നാലും സ്ഥിരം കുറ്റവാളികൾ അല്ലാത്ത വനം കുറ്റ കൃത്യങ്ങളിൽ ഉൾപ്പെട്ടിട്ടുള്ള വ്യക്തികൾ വനം കുറ്റകൃത്യത്തിനിടയിൽ അല്ലാതെ വന്യജീവി ആക്രമണത്തിൽ മരണപ്പെട്ടാൽ ആയത് ബന്ധപ്പെട്ട സർക്കിളിലെ ഉദ്യോഗസ്ഥർ പരിശോധിക്കുകയും അർഹതയുള്ള കേസ്സിൽ നഷ്ടപരിഹാരം നൽകേണ്ടതുമാണ്. |

1980ലെ കേരളാ റൂൾസ് ഫോർ പേയ്മെന്റ് ഓഫ് കോമ്പൻസേഷൻ ടു വിക്റ്റിംസ് ഓഫ് അറ്റാക്ക് ബൈ വൈൽഡ് ആനിമൽസ്" എന്ന ചട്ടങ്ങളിലെ ചട്ടം 2 (എ) ൽ 'വന്യജീവി' എന്ന നിർവ്വചനത്തിൽ "നാട്ടാന" എന്നുകൂടി ഉൾപ്പെടുത്തി ഭേദഗതി വരുത്തുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**വേണു. വി**

**പ്രിൻസിപ്പൽ സെക്രട്ടറി**

പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ & ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സസ്, തിരുവനന്തപുരം
പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ(വന്യ ജീവി) & ചീഫ് വൈൽഡ് ലൈഫ് വാർഡൻ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ& ഇ/ആഡിറ്റ്), തിരുവനന്തപുരം.
പൊതുഭരണ (എസ്.സി) വകുപ്പ് )(ഇനം നമ്പർ 2037 പ്രകാരം)
ധനകാര്യ വകുപ്പ് (26/12/2017-ലെ 675902/അഗ്രി.ബി1/407/2017/ധന അനൗ.കുറിപ്പ് പ്രകാരം)
വിവര പൊതുജന സമ്പർക്ക വകുപ്പ്.
കരുതൽ ശേഖരം/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വനം വന്യജീവി വകുപ്പ് - തേനീച്ച, കടന്നൽ എന്നിവയുടെ ആക്രമണം മൂലമുണ്ടാകുന്ന ജീവഹാനിയ്ക്ക് നഷ്ടപരിഹാരം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വനം വന്യജീവി (ഡി) വകുപ്പ്**

സ.ഉ.(കൈ) നം.50/2022/F&WLD തീയതി, തിരുവനന്തപുരം, 25-10-2022

---

പരാമർശം:-

1. 16/09/2009-ലെ സ.ഉ.(സാധാ) 283/2009/വനം നമ്പർ ഉത്തരവ്
2. 22/03/2013-ലെ സ.ഉ.(കൈ) നം.32/2013/വനം നമ്പർ ഉത്തരവ്.
3. 29/04/2013-ലെ സ.ഉ.(കൈ) നം.48/2013/വനം നമ്പർ ഉത്തരവ്.
4. 26/11/2013-ലെ സ.ഉ.(കൈ) നം.105/2013/വനം നമ്പർ ഉത്തരവ്.
5. 05/04/2018-ലെ സ.ഉ.(കൈ) നം.17/2018/വനം നമ്പർ ഉത്തരവ്.
6. 20/07/2018-ന് ഹർജികൾ സംബന്ധിച്ച സമിതി മുമ്പാകെ ശ്രീ. ബാലകൃഷ്ണൻ, ഇടുക്കി സമർപ്പിച്ച ഹർജി.
7. 27/05/2022, 14/09/2022 തീയതികളിലെ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വൈൽഡ് ലൈഫ്) & ചീഫ് വൈൽഡ് ലൈഫ് വാർഡന്റെ WL11-2081/2011 നമ്പർ കത്തുകൾ.

**ഉത്തരവ്**

കടന്നൽ കുത്തേറ്റ് ഭാര്യയ്ക്ക് ജീവഹാനി സംഭവിച്ചതിനെ തുടർന്ന് നഷ്ടപരിഹാരം ആവശ്യപ്പെട്ട് ഹർജികൾ സംബന്ധിച്ച സമിതി മുമ്പാകെ ശ്രീ. ബാലകൃഷ്ണൻ, ഇടുക്കി സമർപ്പിച്ച ഹർജി പരിഗണിച്ച സമിതി കടന്നലിനെ വന്യജീവികളുടെ ലിസ്റ്റിൽ ഉൾപ്പെടുത്തണമെന്ന് ശുപാർശ ചെയ്തു.

2. പ്രസ്തുത ശുപാർശയുടെ എല്ലാ വശങ്ങളും സർക്കാർ പരിശോധിച്ചു. തേനീച്ച, കടന്നൽ എന്നിവയുടെ ആക്രമണം മൂലം മരണപ്പെടുന്നവർക്ക് സാമ്പത്തിക സഹായം അനുവദിക്കുന്നതിന് അവയെ വന്യമൃഗങ്ങളുടെ പട്ടികയിൽ ഉൾപ്പെടുത്തുന്നതിനുപകരം 1980-ലെ കേരള റൂൾസ് ഫോർ പേയ്മെന്റ് ഓഫ് കോമ്പൻസേഷൻ ടു വിക്ടിംസ് ഓഫ് അറ്റാക്ക് ബൈ വൈൽഡ് അനിമൽസ് എന്ന ചട്ടങ്ങളിലെ ചട്ടം 2(എ) യി വന്യമൃഗം എന്ന നിർവചനപ്രകാരമുള്ള ജീവികളുടെ ആക്രമണം മൂലം ജീവഹാനി സംഭവിക്കുന്നവർക്ക് (വനത്തിനകത്തോ പുറത്തോ) നൽകി വരുന്ന നഷ്ടപരിഹാര തുക കടന്നലിന്റെയോ തേനീച്ചയുടെയോ കടിയോ കുത്തോ കാരണം ജീവഹാനി സംഭവിച്ചാലും നൽകാവുന്നതാണ് എന്ന് സർക്കാർ ഉത്തരവാകുന്നു.

3. ഇതിനുള്ള തുക വന്യജീവി ആക്രമണത്തിൽ ഇരകൾക്ക് നഷ്ടപരിഹാരം നൽകുന്നതിന് ഉപയോഗിക്കുന്ന ഹെഡ് ഓഫ് അക്കൗണ്ടിൽ നിന്നും വഹിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

കെ ആർ ജ്യോതിലാൽ

പ്രിൻസിപ്പൽ സെക്രട്ടറി

സെക്രട്ടറി, കേരള നിയമസഭ (ആമുഖ കത്ത് സഹിതം).
പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് & ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വന്യജീവി) & ചീഫ് വൈൽഡ് ലൈഫ് വാർഡൻ, തിരുവനന്തപുരം.
ശ്രീ. ബാലകൃഷ്ണൻ, ചെമ്പനാൽ വീട്, 92- ആദിവാസി കോളനി, സൂര്യനെല്ലി.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എ&ഇ / ആഡിറ്റ്), തിരുവനന്തപുരം.
ധനകാര്യ വകുപ്പ്.
നിയമ വകുപ്പ്.
പൊതുഭരണ (എസ്.സി) വകുപ്പ് (ഇനം നമ്പർ -1102)
വിവര പൊതുജന സമ്പർക്ക വകുപ്പ്.
കരുതൽ ശേഖരം/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

**Signed by Shiju P Paul**
**Date: 17-11-2022 15:29:02**

സെക്ഷൻ ഓഫീസർ

പകർപ്പ് : വനം വന്യജീവി വകുപ്പ് മന്ത്രിയുടെ പി.എസ്
വനം വന്യജീവി വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

വനം വന്യജീവി വകുപ്പ് - തേനീച്ച/കടന്നൽ എന്നിവയുടെ ആക്രമണം മൂലമുള്ള ജീവഹാനിയ്ക്ക് നഷ്ടപരിഹാരം നൽകുന്നതുമായി ബന്ധപ്പെട്ട് പുറപ്പെടുവിച്ച ഉത്തരവിന് സ്പഷ്ടീകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

വനം വന്യജീവി(ഡി) വകുപ്പ്

സ.ഉ.(കൈ) നം.3/2024/F&WLD തീയതി,തിരുവനന്തപുരം, 20-01-2024

---

പരാമർശം:- 1. 25.10.2022-ലെ സ.ഉ. (കൈ) നം. 50/2022/വനം നമ്പർ ഉത്തരവ്.

2. പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് (വൈൽഡ് ലൈഫ്) & ചീഫ് വൈൽഡ് ലൈഫ് വാർഡന്റെ 13.12.2022-ലെ KFDHQ/2081/2011-CWW/WL11 നമ്പർ കത്ത്.

ഉത്തരവ്

തേനീച്ച/കടന്നൽ എന്നിവയുടെ ആക്രമണം മൂലമുള്ള ജീവഹാനിയ്ക്ക് നഷ്ടപരിഹാരം നൽകുന്നതുമായി ബന്ധപ്പെട്ട് പുറപ്പെടുവിച്ച പരാമർശം-1 ഉത്തരവിന് സ്പഷ്ടീകരണം ആവശ്യപ്പെട്ടുകൊണ്ട്, പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് (വൈൽഡ് ലൈഫ്) & ചീഫ് വൈൽഡ് ലൈഫ് വാർഡൻ പരാമർശം-2 കത്ത് സമർപ്പിച്ചിരുന്നു.

പ്രസ്തുത വിഷയം സർക്കാർ വിശദമായി പരിശോധിച്ചു. തേനീച്ച-കടന്നൽ എന്നിവയുടെ ആക്രമണം മൂലം വനത്തിനകത്തു വച്ച് സംഭവിക്കുന്ന ജീവഹാനിക്ക് 10 ലക്ഷം രൂപയും വനത്തിനു പുറത്തുവച്ച് സംഭവിക്കുന്ന ജീവഹാനിക്ക് 2 ലക്ഷം രൂപയും നഷ്ടപരിഹാരമായി അനുവദിക്കാവുന്നതാണെന്ന് പരാമർശം-1 ഉത്തരവിൽ ഭേദഗതി വരുത്തി സർക്കാർ ഉത്തരവാകുന്നു. പ്രസ്തുത ഭേദഗതിയ്ക്ക് 25.10.2022 മുതൽ മുൻകാല പ്രാബല്യം ഉണ്ടായിരിക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
കെ ആർ ജ്യോതിലാൽ
അഡീഷണൽ ചീഫ് സെക്രട്ടറി

സെക്രട്ടറി, കേരള നിയമസഭ (ആമുഖ കത്ത് സഹിതം).
പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് & ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വന്യജീവി) & ചീഫ് വൈൽഡ് ലൈഫ്

വാർഡൻ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), തിരുവനന്തപുരം.
പൊതുഭരണ (എസ്.സി) വകുപ്പ് (ഇനം നമ്പർ -2002)
കരുതൽ ശേഖരം/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Rajesh P
Date: 06-02-2024 15:10:29
സെക്ഷൻ ഓഫീസർ

പകർപ്പ്,
വനം വന്യജീവി വകുപ്പ് മന്ത്രിയുടെ പി.എസ്
വനം വന്യജീവി വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ

# 3(i) *THE KERALA RULES FOR PAYMENT OF COMPENSATION TO VICTIMS OF ATTACK BY WILD ANIMALS 1980

**1. Short title and commencement**

These rules shall be called the Kerala Rules for Payment of Compensation to Victims of Attack by Wild Animals, 1980. They shall come into force with effect on and from 15th July 1980.

**2. Definitions**

In these rules, unless the context otherwise requires :

(a) "Wild Animal" means only such species of wildlife as listed under Schedule I and Part II of Schedule II of Indian Wildlife (Protection) Act, 1972 (53 of 1972)

(b) "Legal heirs" means a person who in law is entitled to inherit the estate of the deceased, if he had left any estate at the time of his death and also includes any legal heir of the deceased and executor or administrator of the deceased.

**3.** (a) Compensation shall be paid to those who sustained injury or loss to life and property on account of attack by wild animals in the manner prescribed below on the basis of the G.O. (Ms.) No. 256/80/AD, dated 15th July 1980. Every person who is incapacitated, injured or suffered losses only will be compensated under the scheme.

1. Loss to human life

An amount of Rs. 5000 (Rs. five thousand only) shall be paid to the legal heirs of the deceased, if human life is lost on account of attack by wild animals.

2. Incapacitated permanently

An amount upto Rs. 5,000 (Rs. five thousand) shall be paid to the persons who become permanently incapacitated on account of attack by wild animals.

3. Loss of cattle, crops, damages to houses, huts etc.

The compensation for the loss or damage to property such as houses, hut, crops, cattle etc. shall be limited to 50 per cent of the loss / subject to a maximum of Rs. 2000 (Rs. two thousand only)

4. Injuries caused to persons

a) When an injury is caused to a person by the attack of wild animals, compensation payable shall be upto Rs. 1,000 (Rupees one thousand only) on the basis of the seriousness of the injury.

b) Compensation shall be payed only in genuine cases after satisfying on the bonafide of the claim and extent of injury/damage caused.

**4. Award of compensation**

(a) The application for compensation with necessary details such as place, time, nature of injury extent of damage, loss etc. shall be addressed to the Divisional Forest Officer / Game Warden / Wildlife Preservation Officer who has jurisdiction over the area.

(b) The party desirous of applying for compensation shall make his / her application in the prescribed form (Appendix 1) within a period of three months from the date of occurrence of the incident by the victim or in the case of death by the legal heirs with necessary certificates in support of the claim to the Forest Range Officer or the Assistant Wildlife Preservation Officer, who has jurisdiction over the area for onward transmission to the Divisional Forest Officer / Game Warden / Wildlife Preservation Officer concerned.

(c) The Forest Range Officer / Assistant Game Warden / Assistant Wildlife Preservation Officer on receipt of application shall conduct enquiry personally and forward the application with his recommendations

* Amended on 1999 Vide G.O. (P) No. 430/99 F&WLD dt. 30-10-1999 and 2005 Vide G.O.(R) No. 41/2005 F&WLD dt. 20-1-2005

to the Divisional Forest Officer / Game Warden / Wildlife Preservation Officer who has jurisdiction over the area. The Enquiry Officers should bear in mind the reservations in Rule 5.

(d) The Divisional Forest Officer / Game Warden / Wildlife Preservation Officer shall after such further enquiry as found necessary pass an order within 15 days of receipt of recommendation from the Range Officer. The Enquiry Officers should bear in mind the reservations in Rule 5.

(e) The legal heirs of the victim who claim compensation for the loss of life shall be required to produce heirship certificate during the course of enquiry on the claim for compensation.

(f) A person who has become permanently incapacitated or injured on account of attack by wild animals shall produce a Medical Certificate from a Medical Officer not below the rank of Civil Surgeon in Kerala Government Service in support of his claim.

(g) The payment of compensation under rule 3 shall be made only once in a year to a particular individual.

**5. Persons not eligible for compensation**

(a) Persons either convicted or involved in an offence connected with Wildlife (Protection) Act, 1972 or Kerala Forest Act shall not be eligible for compensation.

(b) No compensation shall be paid to the encroachers of Forest land and also in cases where loss or injury is sustained while attempting to smuggle forest wealth or enter reserve forests premises without authorisation. Loss to crops grown or improvements made in Forest land will not be compensated under the rules.

(c) No one shall be eligible for any compensation for loss of crop if a gun licence is provided, to the owner of the land for the protection of the crop.

(d) No compensation shall be paid to victims or cases or incidents caused by wild animals kept in captivity.

**6. Sanctioning Authority**

The Divisional Forest Officer / Game Warden / Wildlife Preservation Officer having jurisdiction over the area where the accident / incident occurred shall be the sanctioning authority.

**7. Appeal**

Those aggrieved by the decision of the Divisional Forest Officer / Game Warden / Wildlife Preservation Officer may prefer an appeal on the award of compensation within 30 days from the date of receipt of order. In all cases of appeal, the decision of the appellate authority shall be final.

8. The decision of the sanctioning authority in regard to the award of compensation in each case to individuals shall be intimated to the Conservator of Forests concerned and Chief Conservator of Forests (Wildlife).

## FORM OF APPLICATION FOR COMPENSATION

[See Rule 4 (a)]

To

The Divisonal Forest Officer /
Game Warden / Wildlife Preservation Officer

I ................................................ son / daughter / wife / widow of ................................ residing at ............................................. having been injured, hereby apply for the grand of compensation for the injury / loss sustained by the attack of wild animals.

Necessary particulars in respect of injury, crop damage, loss of property etc. are given below :

I, .................................... son / daughter / wife / widow of ........................................................................ residing at ............................................. hereby apply as a legal representative / agent for the grant of compensation on account of death / injury sustained by Shri / Kumari / Shrimathi ............................................. son / daughter / wife / widow of Shri / Shrimathi ................................................... who died / was injured by the attack of wild animals.

Necessary particulars in respect of the deceased / injured are given below :

1. Name and address of the applicant
2. Name of person injured / dead
3. Relationship with the deceased / injured
4. Full address of the person injured / dead
5. Age of the person injured / dead
6. Occupation of the person injured / dead
7. Monthly income of the person injued / dead
8. Particulars showing the extend of damages to crops, houses, huts, etc.
9. Place,date and time of the accident
10. Name and address of Police Station in whose jurisdiction the accident took place or was registered
11. Was the person in respect of whom compensation is claimed residing or moving about in forest land ? If so, give name of the reserve forest, loation and time of the incident
12. Nature of injuries / loss sustained
13. Name and address of the Medical Officer / Practitioner, if any, who attended on the injured / dead
14. Period of treatment and expenditure, if any, incurred thereon (to be supported by documentary evidence)
15. Disability for work, if any, caused
16. Brief description of the wild animal and nature of encounter
17. Address of the custodian / Forest Officer in charge of forest
18. Address of the village Officer having jurisdiction
19. Address of the Forester/Game Guard having Jurisdiction
20. Title to the property of the deceased / injured

21. Amount of compensation claimed
22. Partculars of loss and expenses
23. Other particulars, if any, which the applicant wishes to give

I, ............................... solemnly declare that the particulars given above are true and correct to the best of my knowledge.

Place :
Date :

(Signature or the thumb impression of the applicant)

## For Office Use

A. (a) Loss of earning From ............................ to ............................
(b) Partial loss of earnings from ..............................
to ................................ at the rate of Rs.............................. a day / week
(c) Transport to hospital and other incidental expenses
(d) Extra nourishment, if any
(e) Damage to clothing and articles
(f) Other items, if any
(g) Compensation for pain and suffering
(h) Compensation for continuing on permanent disability, if any
(i) Compensation for the loss of earning power
Total

B. Whether the application is made within the time limit prescribed ?

C. (i) Whether the injured / deceased had been involved in any other similar accident earlier (in case he was, state details)
(ii) Whether the injured / deceased had preferred a claim for damages in any case earlier, if so, with what result ?

D. Any other information that may be necessary or helpful in the disposal of the claim
(Here furnish a brief account of how the accident occured and state how the applicant is entitled to claim compensation and how the respondent is liable to pay the compensation claimed)

E. Recommendation of the Reporting Officer

Place :
Date :

Signature with Ofiice Seal

GOVERNMENT OF KERALA

**Abstract**

Forest & Wildlife Department – The Kerala rules for payment of compensation to the victims of attack by wild animals 1980 - Amended - Orders issued.

**Forest & Wildlife (F) Department**

**G.O (Rt) No. 297/2010/F&WLD** **Dated, Thiruvananthapuram, 7.7.2010**

Read :- 1. G.O (Rt) No. 1062/81/Forest dated 10.4.1981.
2. G.O (Rt) No. 542/88/F&WLD dated 15.12.1988.
3. G.O (Rt) No. 430/99/F&WLD dated 30.10.1999.
4. G.O (Rt) No. 41/05/F&WLD dated 20.1.2005.
5. G.O (Rt) No. 283/09/F&WLD dated 16.6.2009.
6. Letter No. WL4 - 4829/2003 dated 12.5.10 from the Principal Chief Conservator of Forests (Wildlife), Thiruvananthapuram

**ORDER**

Government are pleased to order that Rule 3 (a) (1), 3 (a) (3) of the Rules for the payment of compensation to the Victims Attack by Wild Animals issued as per Government orders read above be amended as follows:

AMENDMENT

1. Rule 3 (a) (1) Loss of Human Life:- An amount of Rs.3,00,000/- (Rupees Three lakhs only) shall be paid to the legal heirs of the deceased, if human life is lost on account of attack by wild animal. If the loss of human life is on account of snake bite, the compensation will be limited to Rs.1 lakh, if the accident occurs outside forest areas.

2. Rule 3 (a) (3): Loss of cattle, crops, damages to houses, huts etc:-

The compensation for the loss or damage to property such as houses/huts, crops, cattle etc. shall be 100% of the loss assessed subject to a maximum of Rs.50,000/- in each case.

This will take effect from the date of this order.

The orders issued in the Government orders read above stand modified to the above extent.

By Order of the Governor

Dr. W.R. REDDY
Secretary to Government

To

The Principal Chief Conservator of Forests (Wildlife)
The Chief Conservator of Forests (Wildlife)
The Accountant General (A&E/Audit), Kerala, Thiruvananthapuram.
The Finance Department (vide 45058/AW.C2/2010/Fin dated 7.7.2010)
The Information and Public Relations Department.
SF/OC.
The PS to Minister (Forest and Housing).

*Forwarded / by order*

*Section Officer*

## (ii) THE KERALA RULES FOR PAYMENT OF COMPENSATION TO VICTIMS OF ATTACK BY WILD ANIMALS 1980 AMENDED ORDERS 1988

**FOREST AND WILDLIFE (F) DEPARTMENT**

G. O. (Rt.) No. 542/88/F & WLD. Thiruvananthapuram, Dt. 15-12-1988

Read: G. O. (Rt.) No. 1062/81 Forest dt. 10-4-1981.

### ORDER

Government order that Rule 3(a) (1) and 3(a) (3) of the Rules for the payment of compensation to the victims of attack by Wild animals issued as per the G. O. read above to be amended as follows:

### AMENDMENT

**Rule 3 (a) (1) : Loss to human Life ;**

An amount of Rs. 10,000/- (Ten thousand only) shall be paid to the legal heirs of the deceased if human life is lost on account of attack by wild animals.

**Rule 3 (a) (3) : Loss of Cattle, Crops, damages to Houses, huts etc.**

The compensation for the loss or damage to property such as houses/huts, crops, cattle etc. shall be limited to 75% of the loss, subject to a maximum of Rs. 5,000/- (Five thousand only)

The orders issued as per the G. O. read above stand modified to the above extent.

(By order of the Governor)
(Sd/-)

**MOHAMMED RIAZUDDIN**
SECRETARY (AGRI. & FOREST)

# (iii) THE KERALA RULES FOR PAYMENT OF COMPENSATION TO VICTIMS OF ATTACK BY WILD ANIMALS 1980 AMENDED ORDERS 1993

**FOREST AND WILDLIFE (F) DEPARTMENT**

G. O. (Rt.) No. 532/93/F & WLD. Thiruvananthapuram, Dated 8-12-1993

**Read:-** 1. G.O.(Rt.) No. 1062/81/Forest. dated : 10-4-81
2. G.O.(Rt.) No. 542/88/F & WLD. dated : 15-12-88
3. Letter No. WL2-4185/80 dated 22-7-90 from the Chief Conservator of Forests (Wild Life)

## ORDER

In the letter read as 3rd paper above, the Chief Conservator of forests (Wildlife) has suggested certain amendments to the rules issued by Govenment vide the Government Order first read above.

Government, after careful considerations of the suggestions of the Chief Conservator of Forests (Wild Life), are pleased to issue the following:-

(i) Rule 4 (a) of the said Rules is delated.

(ii) Rule 5 (b) will be substituted with the following:-

Rule 5(b), No compensation shall be payed to the encroachers of forest land and also in cases where loss or injury is sustained attempting to smuggle forest wealth or enter reserve forests premises without authorisation. Loss to crops grown or improvements made in forest land will not be compensated under the rules except in the cases of tribals residing in the forests hereditarily and of other persons who hold forest land legally.

The orders issued as per the Government Orders read above stand modified to the above extent.

(By order of the Governor)

**P. Ramankutty Menon**
Joint Secretary

To

The Chief Conservator of Forests (Wild Life)
Thiruvananthapuram.

## (iv) THE KERALA RULES FOR PAYMENT OF COMPENSATION TO THE VICTIMS OF ATTACK BY WILD ANIMALS 1980 AMENDED ORDERS 1999

### FOREST AND WILDLIFE (F) DEPARTMENT

G. O. (RT) No. 430/99/F&WLD. Dated, Thiruvananthapuram, 30-10-99

**Read:-** 1. G.O.(Rt.) No. 1062/81/Forest. dated : 10-4-81
2. G.O.(Rt.) No. 542/88/F&ELD dated : 15-12-88

### ORDER

Governemt Order that Rule 3 (a) (1), 3 (a) (2), 3 (a) (3) of the Rules for the payment of compensation to the victims of attack by Wild animals issued as per Government Orders read above be amended as follows:-

### AMENDMENT

**Rule 3 (a) (1) : Loss to human life.**

An amount of Rs. 20,000/- (Rupees Twenty thousand only) shall be paid to the legal heirs of the deceased, if human life is lost on account of attack by Wild animals.

**Rule 3 (a) (2) Incapacitated permanently.**

An amount of Rs. 10,000/- (Rupees Ten thousand only) shall be paid to the persons who become permanently incapacitated on account of attack by Wild animals.

**Rule 3 (a) (3) : Loss of cattle, crops, damages to houses huts etc.**

The compensation for the loss or damage to property such as houses/huts, crops, cattle etc. shall be limited to 75% of the loss, subject to a maximum of Rs. 10,000/- (Rupees ten thousand only).

The orders issued in the Government Orders read above stand modified to the above extent.

By order of the Governor

**V. Satheesan,**
Under Secretary to Govt.

# (v) THE KERALA RULES FOR PAYMENT OF COMPENSATION TO THE VICTIMS OF ATTACK BY WILD ANIMALS 1980 AMENDED ORDERS 2005

**FOREST AND WILDLIFE (F) DEPARTMENT**

G. O. (Rt.) No. 41/2005/F&WLD Dated, Thiruvananthapuram, 20-1-2005

**Read:-**
1. G.O.(Rt.) No. 1062/81/Forest. dated 10-4-1981
2. G.O.(Rt.) No. 542/88/F&WLD dated 15-12-1988
3. G.O.(Rt) No. 430/99/F&WLD dated 30-10-1999
3. Letter No. WL11 - 7561/2002 dated 13-01-2003 from the Chief Conservator of Forests (Wild Life) & Chief Wildlife Warden, Kerala.

## ORDER

Government are pleased to order that Rule 3 (a) (1), 3 (a) (2) and 3 (a) (4) of the Rules for the Payment of Compensation to the Victims of attack by wild animals issued as per Government orders read above be amended as follows:-

## AMENDMENT

1. Rule 3 (a) (1) - *Loss to human life* - An amount of Rs. 50,000/- (Rupees fifty thousand only) shall be paid to the legal heirs of the deceased, if human life is lost on account of the attack by wild animal.

2. Rule 3 (a) (2) - *Incapacitated permanently.* - An amount up to Rs. 25,000/- (Rupees twenty thousand only) shall be paid to the persons who become permanently incapacitated on account of attack by wild animals.

3. Rule 3 (a) (4) - *Injuries caused to persons* - When an injury is caused to a person by attack of wild animals compensation payable shall be upto Rs. 5000/- (Rupees five thousand only) on the basis of the seriousness of the injury.

By order of the Governor

**N. Mohanakurup,**
Additional Secretary to Government.



3/1326/2006